**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5771**
**19.11.2019- ലെ മറുപടിക്ക്**

## സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സെക്രട്ടറിതല സമിതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി. ഉബൈദുള്ള എം.എൽ.എ | | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാനും വിഭവ സമാഹരണം മെച്ചപ്പെടുത്തുവാനും ലക്ഷ്യമാക്കി സെക്രട്ടറിതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ആസൂത്രണ സാമ്പത്തിക കാര്യ (സിപിഎംയു) വകുപ്പിന്റെ 25.10.2019-ലെ സ.ഉ (സാധാ) നം.457/2019/പി&ഇഎ ഉത്തരവ് പ്രകാരം സാമ്പത്തിക അച്ചടക്കം ഉറപ്പാക്കാനും വിഭവ സമാഹരണം മെച്ചപ്പെടുത്തുവാനും ധനകാര്യ - നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി താഴെ പറയുന്നവർ അംഗങ്ങളായി വിഭവ സമാഹരണ കമ്മിറ്റി (RMC) രൂപീകരിച്ചിട്ടുണ്ട്.<br>1. അഡീഷണൽ ചീഫ് സെക്രട്ടറി (നികുതി (എക്സൈസ്)<br>2. അഡീഷണൽ ചീഫ് സെക്രട്ടറി (തദ്ദേശ സ്വയംഭരണ വകുപ്പ്)<br>3. പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ)<br>4. പ്രിൻസിപ്പൽ സെക്രട്ടറി (ഗതാഗതം)<br>5. പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം (വിഭവം), കൺവീനർ |
| (ബി) | സമിതിയുടെ എത്ര സിറ്റിംഗുകൾ ഇതിനകം നടന്നുവെന്നും സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവുകൾ ചുരുക്കുന്നതിനും സമിതിയുടെ ശിപാർശകൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ; | സമിതിയുടെ ആദ്യ യോഗം 15.11.2019 ന് ചേർന്ന് റവന്യൂ എക്സൈസ് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും അധിക വിഭവ സമാഹരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ / ശുപാർശകൾ സമർപ്പിക്കുവാൻ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർ യോഗങ്ങളിൽ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു. |

| | | |
|---|---|---|
| (സി) | വാർഷിക പദ്ധതി അടങ്കൽ വെട്ടിച്ചുരുക്കി ചെലവ് ചുരുക്കുവാനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; ഇതു സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കുമോ? | വാർഷിക പദ്ധതിച്ചെലവ് വെട്ടിച്ചുരുക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ട് പദ്ധതി പദ്ധതിയേതര ചെലവുകളിൽ അനിവാര്യമായ നിയന്ത്രണം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

Manju

**സെക്ഷൻ ഓഫീസർ**